©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2016 മേയ് 18<br>18th May 2016<br>1191 ഇടവം 4<br>4th Idavam 1191<br>1938 വൈശാഖം 28<br>28th Vaisakha 1938 | നമ്പർ<br>No. 953 |

## കേരള സർക്കാർ

### തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 76/2016/തൊഴിൽ. *തിരുവനന്തപുരം, 2016 മേയ് 17 / 1191 ഇടവം 3.*

**എസ്. ആർ. ഒ. നമ്പർ 374/2016.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ചപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2014 ഫെബ്രുവരി 5-ാം തീയതിയിലെ സ. ഉ. (കൈ) നമ്പർ 15/2014/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2014 ഫെബ്രുവരി 7-ാം തീയതിയിലെ 437-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 96/2014 ആയി പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2016.
33/1594/2016/S-2.

2016 ജനുവരി 28-ാം തീയതിയിലെ 194-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2016 ജനുവരി 27-ാം തീയതിയിലെ 428/ഇ1/2016/തൊഴിൽ നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിലെ നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപവൽക്കരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശം പരിഗണിച്ചശേഷവും, കേരള സർക്കാർ സംസ്ഥാനത്തെ തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്നപ്രകാരം ഇതിനാൽ പുതുക്കി നിശ്ചയിക്കുന്നു. പ്രസ്തുത കൂലി നിരക്കുകൾക്ക് 2015 ജൂലൈ 1 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. കുടിശ്ശിക തുക 2016 ജൂലൈ 31-നകം കൊടുത്തുതീർക്കേണ്ടതാണ്.

<u>പട്ടിക 1</u>

## തേയില തോട്ടങ്ങൾ

1. ടൈം റേറ്റഡ് വർക്ക്

| | | *മിനിമം ടൈം റേറ്റ്സ് (അടിസ്ഥാന വേതനം രൂപയിൽ)* |
|---|---|---|
| (എ) ഫീൽഡ് വർക്കേഴ്സ് | : | 256.21 |
| (ബി) ഫാക്ടറി വർക്കേഴ്സ് | : | 259.46 |

ഉത്പാദനപ്രക്രിയ നടക്കുന്ന ഏതൊരു സ്ഥലവും, (തൊഴിലാളികളുടെ എണ്ണം ബാധകമാക്കാതെ) ഫാക്ടറി എന്ന നിർവ്വചനത്തിൻകീഴിൽ വരുന്നതാണ്.

2. പീസ് റേറ്റഡ് വർക്ക്

<u>(എ)</u> *ഹാൻഡ് പ്ലക്കിംഗ്*

(എ) സ്റ്റാൻഡേർഡ് ഔട്ട്പുട്ട് : (1) ജനുവരി, ഫെബ്രുവരി, ആഗസ്റ്റ് മാസങ്ങളിൽ പ്രതിദിനം 16 കിലോഗ്രാം തേയില കൊളുന്ത്.

: (2) മറ്റ് മാസങ്ങളിൽ പ്രതിദിനം 21 കിലോഗ്രാം തേയില കൊളുന്ത്.

(ബി) ഗ്യാരന്റീഡ് ടൈം റേറ്റ് : പ്രതിദിനം 153.83 രൂപ

(സി) മിനിമം പീസ് റേറ്റ് : തേയില പ്ലാന്റേഷനുകളിലെ തൊഴിലാളികൾക്ക് ഗ്യാരന്റീഡ് ടൈം റേറ്റിന് പുറമേ താഴെ പറയുന്ന പ്രകാരം പീസ് റേറ്റ് കൂടി നൽകേണ്ടതാണ്.

(1) ജനുവരി, ഫെബ്രുവരി, ആഗസ്റ്റ് മാസങ്ങളിൽ ആദ്യത്തെ 16 കിലോഗ്രാം വരെ തേയില കൊളുന്തിന് 6.405 രൂപ വീതം.

(2) മറ്റ് മാസങ്ങളിൽ ആദ്യത്തെ 21 കിലോഗ്രാം വരെ തേയില കൊളുന്തിന് 4.880 രൂപ വീതം.

(3) സ്റ്റാൻഡേർഡ് ഔട്ട്പുട്ടിന് മുകളിൽ വരുന്ന അടുത്ത 14 കിലോഗ്രാമിന് ഓരോ കിലോഗ്രാമിനും 80 പൈസ നിരക്കിലും തുടർന്നുള്ള 14 കിലോഗ്രാമിന് ഓരോ കിലോ ഗ്രാമിനും 110 പൈസ നിരക്കിലും അതിന്റെ മുകളിലുള്ള ഓരോ കിലോഗ്രാമിനും 150 പൈസ നിരക്കിലും കൂലി നൽകേണ്ട താണ്.

(ഡി) പീസ് റേറ്റിന്റെ ക്രമീകരണം : ഒരു എസ്റ്റേറ്റിലെ പ്ലക്കിംഗ് ശരാശരി ഏതെങ്കിലും ഒരു മാസത്തിൽ സ്റ്റാൻഡേർഡ് ഔട്ട്പുട്ടിലും കുറവാകുന്ന പക്ഷം താഴെപ്പറയും പ്രകാരം സ്റ്റാൻഡേർഡ് ഔട്ട്പുട്ട് പുതുക്കി നിശ്ചയിച്ച് കൂലി നൽകേണ്ട താണ്. പ്രസ്തുത എസ്റ്റേറ്റിലെ ആ മാസത്തെ പ്ലക്കിംഗ് ശരാശരിയുടെ 10 ശതമാനം കുറച്ച ശേഷമുള്ള സംഖ്യയെ സ്റ്റാൻഡേർഡ് ഔട്ട്പുട്ടായി നിശ്ചയിച്ച് കൂലി കണക്കാക്കേണ്ട താണ്. മിനിമം പീസ് റേറ്റ്, പുതുക്കിയ സ്റ്റാൻഡേർഡ് ഔട്ട്പുട്ടിന്റെ അടിസ്ഥാനത്തിൽ കണക്കാക്കേണ്ടതാണ്. പ്രസ്തുത മാസത്തിൽ എല്ലാ ദിവസവും തൊഴിലാളി നുള്ളുന്ന കൊളുന്തിന് ഇതേ നിരക്കിൽ വേതനം ലഭിക്കാൻ അർഹതയുണ്ടായിരിക്കും.

(ബി) *ഷിയർ പ്ലക്കിംഗ്*

(എ) സ്റ്റാൻഡേർഡ് ഔട്ട്പുട്ട് : (1) ജനുവരി, ഫെബ്രുവരി, ആഗസ്റ്റ് മാസങ്ങളിൽ പ്രതിദിനം 16 കിലോഗ്രാം തേയില കൊളുന്ത്.

(2) മറ്റ് മാസങ്ങളിൽ പ്രതിദിനം 27 കിലോഗ്രാം തേയില കൊളുന്ത്.

(ബി) ഗ്യാരന്റീഡ് ടൈം റേറ്റ് : പ്രതിദിനം 153.83 രൂപ

(സി) മിനിമം പീസ് റേറ്റ് : തേയില പ്ലാന്റേഷനുകളിലെ തൊഴിലാളികൾക്ക് ഗ്യാരന്റീഡ് ടൈം റേറ്റിന് പുറമേ താഴെ പറയുന്ന പ്രകാരം പീസ് റേറ്റ് കൂടി നൽകേണ്ടതാണ്.

(1) ജനുവരി, ഫെബ്രുവരി, ആഗസ്റ്റ് മാസങ്ങളിൽ ആദ്യത്തെ 16 കിലോഗ്രാം വരെ തേയില കൊളുന്തിന് 6.405 രൂപ വീതം.

(2) മറ്റ് മാസങ്ങളിൽ ആദ്യത്തെ 27 കിലോഗ്രാം വരെ തേയില കൊളുന്തിന് 3.796 രൂപ വീതം.

(3) സ്റ്റാൻഡേർഡ് ഔട്ട്പുട്ടിന് മുകളിൽ വരുന്ന അടുത്ത 14 കിലോഗ്രാമിന് ഓരോ കിലോഗ്രാമിനും 80 പൈസ നിരക്കിലും തുടർന്നുള്ള 14 കിലോഗ്രാമിന് ഓരോ കിലോഗ്രാമിനും 110 പൈസ നിരക്കിലും അതിന്റെ മുകളിലുള്ള ഓരോ കിലോഗ്രാമിനും 150 പൈസ നിരക്കിലും കൂലി നൽകേണ്ടതാണ്.

(ഡി) പീസ് റേറ്റിന്റെ ക്രമീകരണം : ഒരു എസ്റ്റേറ്റിലെ പ്ലക്കിംഗ് ശരാശരി ഏതെങ്കിലും ഒരു മാസത്തിൽ സ്റ്റാൻഡേർഡ് ഔട്ട്പുട്ടിലും കുറവാകുന്ന പക്ഷം താഴെപ്പറയും പ്രകാരം സ്റ്റാൻഡേർഡ് ഔട്ട്പുട്ട് പുതുക്കി നിശ്ചയിച്ച് കൂലി നൽകേണ്ടതാണ്. പ്രസ്തുത എസ്റ്റേറ്റിലെ

ആ മാസത്തെ പ്ലക്കിംഗ് ശരാശരിയുടെ 10 ശതമാനം കുറച്ച ശേഷമുള്ള സംഖ്യയെ സ്റ്റാൻഡേർഡ് ഔട്ട്പുട്ടായി നിശ്ചയിച്ച് കൂലി കണക്കാക്കേണ്ടതാണ്. മിനിമം പീസ് റേറ്റ് പുതുക്കിയ സ്റ്റാൻഡേർഡ് ഔട്ട്പുട്ടിന്റെ അടിസ്ഥാനത്തിൽ കണക്കാക്കേണ്ടതാണ്. പ്രസ്തുത മാസത്തിൽ എല്ലാ ദിവസവും തൊഴിലാളി നുള്ളുന്ന കൊളുന്തിന് ഇതേ നിരക്കിൽ വേതനം ലഭിക്കാൻ അർഹതയുണ്ടായിരിക്കും.

3. സൂപ്പർവൈസർമാരും മറ്റ് തെരഞ്ഞെടുക്കപ്പെട്ട വിഭാഗങ്ങളും

| *വിഭാഗം* | *ശമ്പള സ്കെയിൽ* |
|---|---|
| (1) | (2) |
| (1) സൂപ്പർവൈസർമാർ<br>(2) മെക്കാനിക്ക്<br>(3) ഇലക്ട്രീഷ്യൻ<br>(4) വയർമാൻ<br>(5) ലബോറട്ടറി ടെക്നീഷ്യൻ<br>(6) ഫിറ്റർ<br>(7) ഡ്രൈവർ (ലോറി, ട്രാക്ടർ, ആംബുലൻസ്, കാർ, ജീപ്പ്, എഞ്ചിൻ) | 7950-45-8220-51-8526-57-8868-64-9252-71-9678-79-10152-88-10680 |
| **4. മറ്റ് പ്രത്യേക വിഭാഗങ്ങൾ** | |
| (1) മരപ്പണിക്കാർ<br>(2) കൽപ്പണിക്കാർ<br>(3) ഇരുമ്പുപണിക്കാർ<br>(4) ആയമാർ | 7820-45-8090-51-8396-57-8738-64-9122-71-9548-79-10022-88-10550 |

| (1) | (2) |
|---|---|
| (5) വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചിട്ടില്ലാത്തതും പ്രസ്തുത വകുപ്പിൽ നിന്നും ആനുകൂല്യങ്ങളൊന്നും ലഭിക്കാത്തതുമായ തോട്ടം മേഖലയിലെ സ്കൂളുകളിലെ അദ്ധ്യാപകർ | |
| (6) ബാലസേവികമാരും സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും | |
| (7) മെഡിക്കൽ ഓഡർലി (സേവകൻ) | |
| (8) വാർഡ് ബോയ് & വാർഡ് ഗേൾ | 7820-45-8090-51-8396-57-8738-64-9122-71-9548-79-10022-88-10550 |
| (9) പ്ലംബർ | |
| (10) പമ്പ് ഓപ്പറേറ്റർ (ചുരുക്കം അറ്റകുറ്റ പണികൾ ഉൾപ്പെടെ) | |
| (11) തപാൽമാൻ | |
| (12) എസ്റ്റേറ്റ് ഓഫീസ് പ്യൂൺ | |
| (13) ആശുപത്രിയിലെ സ്ഥിരം പാചക തൊഴിലാളി | |
| 5. ക്രഷ് അറ്റൻഡന്റ് | : 7690-45-7960-51-8266-57-8608-64-8992-71-9418-79-9892-88-10420 |

## പട്ടിക 2

## റബ്ബർ തോട്ടങ്ങൾ

### 1. ടൈം റേറ്റഡ് വർക്ക്

*മിനിമം ടൈം റേറ്റ്*
*(അടിസ്ഥാന വേതനം രൂപയിൽ)*

| | | |
|---|---|---|
| (എ) ഫീൽഡ് വർക്കേഴ്സ് | : | 336.21* |
| (ബി) ഫാക്ടറി വർക്കേഴ്സ് | : | 341.08 |

ടാപ്പിംഗ് തൊഴിലാളികൾക്ക് പ്രതിദിനം 7 രൂപ വേജ് ഡിഫറൻഷ്യലായി നൽകേണ്ടതാണ്.

*15-12-1966-ലെ പ്ലാന്റേഷൻ ലേബർ കമ്മിറ്റി തീരുമാന പ്രകാരം 1966 സെപ്റ്റംബർ 29-ലെ ഭാരത സർക്കാരിന്റെ WB-8 (18)/66 പ്രമേയത്തിലൂടെ അംഗീകരിച്ച കേന്ദ്ര റബ്ബർ പ്ലാന്റേഷൻ വേജ് ബോർഡിന്റെ ശുപാർശ അനുസരിച്ച് റബ്ബർ മരങ്ങളുടെ ടാപ്പിംഗ് ടാസ്ക് 400 ആയി നിശ്ചയിച്ചിട്ടുണ്ട്.

**അഡീഷണൽ ഇൻസന്റീവ്**

നിശ്ചയിച്ച ടാപ്പിംഗ് ടാസ്കിൽ കൂടുതൽ ഒരു ടാപ്പർ ടാപ്പ് ചെയ്യുന്നപക്ഷം ടിയാന് ടാപ്പിംഗ് ടാസ്കിന് മുകളിൽ മരമൊന്നിന് 60 പൈസ പ്രകാരം അഡീഷണൽ ഇൻസന്റീവായി ലഭിക്കുന്നതാണ്. ഈ ഇൻസന്റീവിന് നിയമ പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും ബാധകമായിരിക്കും.

2. (i) റബ്ബർ തോട്ടങ്ങളുടെ വർഗ്ഗീകരണവും ഓരോ വിഭാഗത്തിലേയും സ്റ്റാൻഡേർഡ് ഔട്ട്പുട്ടും ചുവടെ ചേർക്കുന്നു.

| *തോട്ടങ്ങളുടെ വർഗ്ഗീകരണം* | | *സ്റ്റാൻഡേർഡ് ഔട്ട്പുട്ട്* |
|---|---|---|
| ക്ലാസ്സ് 1 | വാർഷിക ഉൽപാദനം 170 കിലോഗ്രാമിൽ താഴെ | പ്രതിദിനം 2 കിലോഗ്രാം |
| ക്ലാസ്സ് 2 | വാർഷിക ഉൽപാദനം 171 കിലോഗ്രാം മുതൽ 270 കിലോഗ്രാം വരെ | പ്രതിദിനം 4 കിലോഗ്രാം |
| ക്ലാസ്സ് 3 | വാർഷിക ഉൽപാദനം 271 കിലോഗ്രാം മുതൽ 400 കിലോഗ്രാം വരെ | പ്രതിദിനം 6.5 കിലോഗ്രാം |
| ക്ലാസ്സ് 4 | വാർഷിക ഉൽപാദനം 400 കിലോഗ്രാമിന് മുകളിൽ | പ്രതിദിനം 8 കിലോഗ്രാം |

(ii) വാർഷിക ഉൽപാദനം കണക്കാക്കുന്നതിന് അവലംബിക്കുന്നത് പ്രതിവാരം 6 ദിവസം ടാപ്പിംഗ് എന്ന സാധാരണ രീതിയിൽ ആയിരിക്കും.

(iii) റബ്ബർ തോട്ടങ്ങളുടെ വർഗ്ഗീകരണം ഒരു ഏക്കറിൽ 100 മരങ്ങൾ എന്ന തോതിലായിരിക്കും.

3. ക്ലാസ് 1, 2, 3 എന്നീ വിഭാഗങ്ങളിൽപ്പെടുന്ന തോട്ടങ്ങൾക്ക് 1 കിലോഗ്രാം ലാറ്റക്സിന് 5.25 രൂപയും ക്ലാസ്സ് 4 വിഭാഗങ്ങളിൽപ്പെടുന്ന തോട്ടങ്ങളിൽ 1 കിലോഗ്രാം ലാറ്റക്സിന് 7.25 രൂപയും ഓവർകിലോ റേറ്റായി നൽകുന്നതാണ്.

4. ഒട്ടുപാലിന് കിലോഗ്രാമിന് 1.60 രൂപ നിരക്കിൽ ഓവർകിലോ റേറ്റായി നൽകുന്നതാണ്.

5. ഗ്യാരന്റീഡ് ടൈം റേറ്റ് 201.95 രൂപ ആയിരിക്കും (അടിസ്ഥാന വേതനം പ്രതിദിനം).

6. ഗ്യാരന്റീഡ് ടൈം റേറ്റിന് പുറമേ താഴെപ്പറയുന്ന പ്രകാരം ഓരോ വിഭാഗം തോട്ടങ്ങളിലും ടാപ്പിംഗ് തൊഴിലാളിക്ക് പീസ് റേറ്റ് നൽകേണ്ടതാണ്.

| | | |
|---|---|---|
| ക്ലാസ്സ് 1 | : | കിലോഗ്രാമിന് 67 രൂപ 24 പൈസ |
| ക്ലാസ്സ് 2 | : | കിലോഗ്രാമിന് 33 രൂപ 62 പൈസ |
| ക്ലാസ്സ് 3 | : | കിലോഗ്രാമിന് 20 രൂപ 69 പൈസ |
| ക്ലാസ്സ് 4 | : | കിലോഗ്രാമിന് 16 രൂപ 81 പൈസ |

7. സൂപ്പർവൈസർമാരും മറ്റ് തെരഞ്ഞെടുക്കപ്പെട്ട പ്രത്യേക വിഭാഗങ്ങളും

| *വിഭാഗം* | *ശമ്പള സ്കെയിൽ* |
|---|---|
| (1) | (2) |
| (1) സൂപ്പർവൈസർമാർ<br>(2) മെക്കാനിക്ക്<br>(3) ഇലക്ട്രീഷ്യൻ<br>(4) വയർമാൻ<br>(5) ലബോറട്ടറി ടെക്നീഷ്യൻ<br>(6) ഫിറ്റർ<br>(7) ഡ്രൈവർ (ലോറി, ട്രാക്ടർ, ആംബുലൻസ്, കാർ, ജീപ്പ്, എഞ്ചിൻ) | 10425-75-10875-81-11361-87-11883-94-12447-101-13053-109-13707-118-14415 |
| **8. മറ്റ് പ്രത്യേക വിഭാഗങ്ങൾ** | |
| (1) മരപ്പണിക്കാർ<br>(2) കൽപ്പണിക്കാർ<br>(3) ഇരുമ്പുപണിക്കാർ<br>(4) ആയമാർ<br>(5) വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചിട്ടില്ലാത്തതും പ്രസ്തുത വകുപ്പിൽ നിന്നും ആനുകൂല്യങ്ങളൊന്നും ലഭിക്കാത്തതുമായ തോട്ടം മേഖലയിലെ സ്കൂളുകളിലെ അദ്ധ്യാപകർ | 10260-75-10710-81-11196-87-11718-94-12282-101-12888-109-13542-118-14250 |

| (1) | (2) |
|---|---|
| (6) ബാലസേവികമാരും സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും<br>(7) മെഡിക്കൽ ഓഡർലി (സേവകൻ)<br>(8) വാർഡ് ബോയ് & വാർഡ് ഗേൾ<br>(9) പ്ലംബർ<br>(10) പമ്പ് ഓപ്പറേറ്റർ (ചുരുക്കം അറ്റകുറ്റ പണികൾ ഉൾപ്പെടെ)<br>(11) തപാൽ മാൻ<br>(12) എസ്റ്റേറ്റ് ഓഫീസ് പ്യൂൺ<br>(13) ആശുപത്രിയിലെ സ്ഥിരം പാചക തൊഴിലാളി | 10260-75-10710-81-11196-87-11718-94-12282-101-12888-109-13542-118-14250 |
| 9. ക്രഷ് അറ്റൻഡന്റ് | : 10090-75-10540-81-11026-87-11548-94-12112-101-12718-109-13372-118-14080. |

## പട്ടിക 3

## കാപ്പിത്തോട്ടങ്ങൾ

1. ടൈം റേറ്റഡ് വർക്ക്

| (അടിസ്ഥാന വേതനം) | *മിനിമം ടൈം റേറ്റ് (രൂപയിൽ)* |
|---|---|
| | 256.21 |

ഒറ്റവിള കാപ്പിത്തോട്ടങ്ങളിൽ 256.21 എന്ന അടിസ്ഥാന ശമ്പളത്തിന് പുറമെ 5 രൂപ പ്രതിദിനം പ്രത്യേക അലവൻസായി നൽകുന്നതാണ്. ഇതിന് നിയമാനുസൃതമായ മറ്റ് ആനുകൂല്യങ്ങൾ ബാധകമായിരിക്കുകയില്ല.

2. പീസ് റേറ്റഡ് വർക്ക്

പീസ് റേറ്റിലുള്ള ജോലിക്ക് 60 കിലോഗ്രാമിന് മുകളിൽ ഒരു കിലോഗ്രാം കാപ്പിക്ക് 1.50 രൂപ വീതം ഓവർകിലോ റേറ്റ് ലഭിക്കുന്നതാണ്.

3. സൂപ്പർവൈസർമാരും മറ്റ് തെരഞ്ഞെടുക്കപ്പെട്ട പ്രത്യേക വിഭാഗങ്ങളും

| വിഭാഗം | ശമ്പള സ്കെയിൽ |
|---|---|
| (1) | (2) |
| (1) സൂപ്പർവൈസർമാർ<br>(2) മെക്കാനിക്ക്<br>(3) ഇലക്ട്രീഷ്യൻ<br>(4) വയർമാൻ<br>(5) ലബോറട്ടറി ടെക്നീഷ്യൻ<br>(6) ഫിറ്റർ<br>(7) ഡ്രൈവർ (ലോറി, ട്രാക്ടർ, ആംബുലൻസ്, കാർ, ജീപ്പ്, എഞ്ചിൻ) | 7950-45-8220-51-8526-57-8868-64-9252-71-9678-79-10152-88-10680 |
| **4. മറ്റ് പ്രത്യേക വിഭാഗങ്ങൾ** | |
| (1) മരപ്പണിക്കാർ<br>(2) കൽപ്പണിക്കാർ<br>(3) ഇരുമ്പുപണിക്കാർ<br>(4) ആയമാർ<br>(5) വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചിട്ടില്ലാത്തതും പ്രസ്തുത വകുപ്പിൽ നിന്നും ആനുകൂല്യങ്ങളൊന്നും ലഭിക്കാത്തതുമായ തോട്ടം മേഖലയിലെ സ്കൂളുകളിലെ അദ്ധ്യാപകർ<br>(6) ബാലസേവികമാരും സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും<br>(7) മെഡിക്കൽ ഓഡർലി (സേവകൻ)<br>(8) വാർഡ് ബോയ് & വാർഡ് ഗേൾ<br>(9) പ്ലംബർ<br>(10) പമ്പ് ഓപ്പറേറ്റർ (ചുരുക്കം അറ്റകുറ്റ പണികൾ ഉൾപ്പെടെ)<br>(11) തപാൽ മാൻ<br>(12) എസ്റ്റേറ്റ് ഓഫീസ് പ്യൂൺ<br>(13) ആശുപത്രിയിലെ സ്ഥിരം പാചക തൊഴിലാളി | 7820-45-8090-51-8396-57-8738-64-9122-71-9548-79-10022-88-10550 |
| **5. ക്രഷ് അറ്റൻഡന്റ്** | : 7690-45-7960-51-8266-57-8608-64-8992-71-9418-79-9892-88-10420 |

## പട്ടിക 4

## ഏലത്തോട്ടങ്ങൾ

1. ടൈം റേറ്റഡ് വർക്ക്
(അടിസ്ഥാന വേതനം)

| | *മിനിമം ടൈം റേറ്റ് (രൂപയിൽ)* |
|---|---|
| *285.21 | 256.21 |

(*ഒറ്റവിളയായി ഏലം കൃഷിചെയ്യുന്ന തോട്ടങ്ങൾ മാത്രം)

2. സൂപ്പർവൈസർമാരും മറ്റ് തെരഞ്ഞെടുക്കപ്പെട്ട പ്രത്യേക വിഭാഗങ്ങളും

| *വിഭാഗം* | *ശമ്പള സ്കെയിൽ* |
|---|---|
| (1) | (2) |
| (1) സൂപ്പർവൈസർമാർ<br>(2) മെക്കാനിക്ക്<br>(3) ഇലക്ട്രീഷ്യൻ<br>(4) വയർമാൻ<br>(5) ലബോറട്ടറി ടെക്നീഷ്യൻ<br>(6) ഫിറ്റർ<br>(7) ഡ്രൈവർ (ലോറി, ട്രാക്ടർ, ആംബുലൻസ്, കാർ, ജീപ്പ്, എഞ്ചിൻ) | 8850-60-9210-66-9606-72-10038-79-10512-86-11028-94-11592-103-12210 |
| **3. മറ്റ് പ്രത്യേക വിഭാഗങ്ങൾ** | |
| (1) മരപ്പണിക്കാർ<br>(2) കൽപ്പണിക്കാർ<br>(3) ഇരുമ്പുപണിക്കാർ<br>(4) ആയമാർ<br>(5) വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചിട്ടില്ലാത്തതും പ്രസ്തുത വകുപ്പിൽ നിന്നും ആനുകൂല്യങ്ങളൊന്നും ലഭിക്കാത്തതുമായ തോട്ടം മേഖലയിലെ സ്കൂളുകളിലെ അദ്ധ്യാപകർ | 8700-60-9060-66-9456-72-9888-79-10362-86-10878-94-11442-103-12060. |

| (1) | (2) |
|---|---|
| (6) ബാലസേവികമാരും സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും<br>(7) മെഡിക്കൽ ഓഡർലി (സേവകൻ)<br>(8) വാർഡ് ബോയ് & വാർഡ് ഗേൾ<br>(9) പ്ലംബർ<br>(10) പമ്പ് ഓപ്പറേറ്റർ (ചുരുക്കം അറ്റകുറ്റ പണികൾ ഉൾപ്പെടെ)<br>(11) തപാൽ മാൻ<br>(12) എസ്റ്റേറ്റ് ഓഫീസ് പ്യൂൺ<br>(13) ആശുപത്രിയിലെ സ്ഥിരം പാചക തൊഴിലാളി | 8700-60-9060-66-9456-72-9888-79-10362-86-10878-94-11442-103-12060. |
| 4. ക്രഷ് അറ്റൻഡന്റ് | : 8560-60-8920-66-9316-72-9748-79-10222-86-10738-94-11302-103-11920. |

മിശ്രവിള കൃഷിചെയ്യുന്ന തോട്ടങ്ങളിലെ മാസശമ്പളക്കാരായ തൊഴിലാളികൾക്ക് ഷെഡ്യൂൾ I, III എന്നിവ പ്രകാരം തേയില, കാപ്പിത്തോട്ടങ്ങളിലെ വേതന നിരക്ക് ബാധകമായിരിക്കും.

## പൊതുമാനദണ്ഡങ്ങൾ (എല്ലാ വിളകൾക്കും ബാധകമായത്)

### I. ഫിറ്റ്മെന്റ്

(എല്ലാ വിളകളിലേയും മാസശമ്പളക്കാരായ സൂപ്പർവൈസർമാരും തെരഞ്ഞെടുക്കപ്പെട്ട പ്രത്യേക വിഭാഗങ്ങളും, മറ്റു പ്രത്യേക വിഭാഗക്കാർ, ക്രഷ് അറ്റൻഡന്റുമാർ എന്നീ ജീവനക്കാർക്ക് ബാധകമായത്.)

തേയില, കാപ്പി, ഏലം (മിശ്രവിള) തോട്ടങ്ങളിൽ ശമ്പളം പുനർനിർണ്ണയിക്കുമ്പോൾ സൂപ്പർവൈസർമാർക്കും മറ്റ് തെരഞ്ഞെടുക്കപ്പെട്ട വിഭാഗങ്ങൾക്കും 5,390 രൂപയും മറ്റു പ്രത്യേക വിഭാഗക്കാർ, ക്രഷ് അറ്റൻഡന്റുമാർ എന്നീ ജീവനക്കാർക്ക് 5,300 രൂപയും റബ്ബർത്തോട്ടങ്ങളിൽ ഇത് യഥാക്രമം 5,225 രൂപ, 5,145 രൂപ എന്നിങ്ങനെയും ഒറ്റവിള ഏലത്തോട്ടങ്ങളിൽ ഇത് യഥാക്രമം 5,200 രൂപ, 5,160 രൂപ എന്നിങ്ങനെയും ഫിറ്റ്മെന്റ് ആനുകൂല്യം നൽകേണ്ടതാണ്.

ശമ്പളം പുനർനിർണ്ണയിക്കുമ്പോൾ ശമ്പളസ്കെയിലിലെ അടുത്ത ഉയർന്ന സ്റ്റേജിൽ പുതുക്കി നിശ്ചയിക്കേണ്ടതാണ്. മേൽപ്പറഞ്ഞ തുക എറണാകുളം സെന്ററിലെ ഉപഭോക്തൃ വില സൂചികയുടെ 2050 പോയിന്റിന് (1970 = 100 സീരീസ്) തത്തുല്യമായ ക്ഷാമബത്ത കൂടി ലയിപ്പിച്ച ശേഷമുള്ളതാണ്.

## II. ജോബ് ഡിഫറൻഷ്യൽ

താഴെപ്പറയുന്ന വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ജോബ് ഡിഫറൻഷ്യൽ ഇനത്തിൽ പ്രതിദിനം 3.25 രൂപ ലഭിക്കുവാനർഹതയുണ്ട്.

(1) പ്രൂണേഴ്സ്

(2) കീടനാശിനി തളിക്കുന്നവർ (കലക്കുന്നവരുൾപ്പെടെ)

(3) ടിങ്കേഴ്സ്

(4) ടെലഫോൺ ഓപ്പറേറ്റർ

(5) ഡ്രെസ്സേഴ്സ്

(6) പെയ്ന്റേഴ്സ്

(7) കുക്ക്സ്

(8) സ്വീപ്പേഴ്സ്

(9) തപാൽമാൻ

(10) പ്യൂൺസ്

(11) ഫാക്ടറി/ഫീൽഡ്/ഗേറ്റ് വാച്ച്മാൻ

(12) ഗ്രീസ്സേഴ്സ്

(13) ക്ലീനേഴ്സ്

(14) പോർട്ടേഴ്സ്

(15) ഫോറസ്റ്റർമാർ

(16) ടീ ചെസ്റ്റ് നിർമ്മിക്കുന്നവർ

(17) വെഹിക്കിൾ അറ്റൻഡേഴ്സ്

(18) (എ) ഏലം പുകപ്പുരയിൽ ഏലം ഉണ്ടാക്കുന്നതിനും സംസ്കരിക്കുന്നതിനും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് അവർ യഥാർത്ഥത്തിൽ പ്രസ്തുത ജോലിക്ക് നിയോഗിക്കപ്പെട്ട ദിവസങ്ങളിൽ

(ബി) ഏലത്തിന് തണൽ ക്രമീകരിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർ യഥാർത്ഥത്തിൽ ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ദിവസങ്ങളിൽ

കുറിപ്പ്:—ഏലത്തോട്ടങ്ങളിലെ പ്രൂണിങ്ങ് ജീവനക്കാർക്ക് വർഷത്തിലെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും പ്രതിദിനം 50 പൈസ എന്ന നിരക്കിൽ ജോബ് ഡിഫറൻഷ്യലിന് അർഹതയുണ്ടായിരിക്കും.

## III. സർവ്വീസ് വെയിറ്റേജ്

(എ) ദിവസ ശമ്പളക്കാർക്ക്

| | |
|---|---|
| (i) 5 വർഷം വരെ | ഇല്ല |
| (ii) 5 വർഷത്തിന് മുകളിൽ 10 വർഷം വരെ | 070 പൈസ |
| (iii) 10 വർഷത്തിന് മുകളിൽ 15 വർഷം വരെ | 100 പൈസ |
| (iv) 15 വർഷത്തിന് മുകളിൽ 20 വർഷം വരെ | 130 പൈസ |
| (v) 20 വർഷത്തിന് മുകളിൽ | 165 പൈസ |

(ബി) മാസ ശമ്പളക്കാർക്ക്

| | |
|---|---|
| (i) 5 വർഷം വരെ | ഇല്ല |
| (ii) 5 വർഷത്തിന് മുകളിൽ 10 വർഷം വരെ | ഒരു അഡീഷണൽ ഇൻക്രിമെന്റ് |
| (iii) 10 വർഷത്തിന് മുകളിൽ 15 വർഷം വരെ | 2 അഡീഷണൽ ഇൻക്രിമെന്റ് |
| (iv) 15 വർഷത്തിന് മുകളിൽ 20 വർഷം വരെ | 3 അഡീഷണൽ ഇൻക്രിമെന്റ് |
| (v) 20 വർഷത്തിന് മുകളിൽ | 4 അഡീഷണൽ ഇൻക്രിമെന്റ് |

കുറിപ്പ്:—ഒരു തൊഴിലാളി സർവ്വീസ് വെയിറ്റേജിന് അർഹത നേടുന്നത് ആ തൊഴിലാളി സർവ്വീസിൽ പ്രവേശിച്ച് നിർദ്ദിഷ്ട വർഷം പൂർത്തിയാക്കുന്ന തീയതി മുതലാണ്.

## IV. ക്ഷാമബത്ത

മേൽപ്പറഞ്ഞ അടിസ്ഥാന വേതനം എറണാകുളം സെന്ററിന് വേണ്ടി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വിലസൂചികയുടെ (1970=100) 2050 പോയിന്റിന് തുല്യമായി നിശ്ചയിച്ചിരിക്കുന്നു. നടപ്പുപാദ വർഷത്തിന് തൊട്ടുമുൻപുള്ള പാദവർഷത്തിലെ എറണാകുളം സെന്ററിനായി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വിലസൂചികയുടെ ശരാശരിയിൽ 2050 പോയിന്റിന് മുകളിൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും തൊഴിലാളികൾക്ക് ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കും.

ഫീൽഡ് വർക്കേഴ്സിന് പ്രതിദിനം ഒരു പോയിന്റിന് ഏഴ് പൈസ പ്രകാരവും സൂപ്പർവൈസർമാർക്കും പ്രത്യേക വിഭാഗക്കാർക്കും മേൽപ്പറഞ്ഞ പ്രകാരം 2050 പോയിന്റിന് മുകളിലുള്ള ഒരു പോയിന്റിന് പ്രതിമാസം 1.95 രൂപ നിരക്കിൽ ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. എറണാകുളം സെന്ററിനുവേണ്ടി പ്രസിദ്ധീകരിക്കുന്ന, യഥാക്രമം ജൂലൈ 1, ഒക്ടോബർ 1, ജനുവരി 1, ഏപ്രിൽ 1 എന്നിങ്ങനെ ആരംഭിക്കുന്ന തൊട്ടു മുൻപുള്ള മൂന്ന് മാസത്തെ ഉപഭോക്തൃ വിലസൂചികയുടെ അടിസ്ഥാനത്തിൽ ജനുവരി 1, ഏപ്രിൽ 1, ജൂലൈ 1, ഒക്ടോബർ 1 എന്നീ തീയതികളിൽ ക്ഷാമബത്ത കണക്കാക്കി ക്രമീകരിക്കേണ്ടതാണ്.

## V. തൊഴിൽ സംരക്ഷണം

മേൽപ്പറഞ്ഞ മിനിമം വേതന നിരക്കുകൾ തേയില, റബ്ബർ പ്ലാന്റേഷനുകളിലെ തൊഴിലുടമകൾ തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ നൽകുമെന്നതിനെ അടിസ്ഥാനപ്പെടുത്തിയുള്ളതാകുന്നു. ഇപ്രകാരം തൊഴിൽ നൽകാൻ തൊഴിലുടമകൾക്ക് സാധിക്കാത്തപക്ഷം തൊഴിലാളികൾക്ക്, അവർ സ്വമേധയാ തൊഴിലിൽനിന്ന് വിട്ടുനിൽക്കുന്നതൊഴികെയുള്ള ദിവസങ്ങളിൽ, മേൽപ്പറഞ്ഞ മിനിമം വേതനം ലഭിക്കുന്നതിന് അർഹതയുണ്ട്. എന്നാൽ ഇക്കാര്യത്തിൽ തൊഴിലുടമയുടെ ബാദ്ധ്യത പ്ലാന്റേഷനുമായി ബന്ധപ്പെട്ട ഏതെങ്കിലും തൊഴിൽ നൽകുന്നതിൽ മാത്രമായി നിജപ്പെടുത്തിയിട്ടുള്ളതും അപ്രകാരം വാഗ്ദാനം ചെയ്തിട്ടുള്ള തൊഴിലിൽനിന്നും വിട്ടുനിൽക്കുന്ന തൊഴിലാളികൾക്ക് സ്വാഭാവികമായും പ്രസ്തുത ദിവസത്തെ വേതനം ലഭിക്കുന്നതിനുള്ള അർഹത നഷ്ടപ്പെടുന്നതുമാണ്.

VI. **ഉയർന്ന വേതനത്തിനുള്ള സംരക്ഷണം**

പട്ടികയിൽ നിശ്ചയിച്ചതിനേക്കാൾ ഉയർന്ന വേതനം ഏതെങ്കിലും തൊഴിലാളികൾക്ക് ലഭിച്ചുവരുന്നുണ്ടെങ്കിൽ ആ തൊഴിലാളികൾക്ക് അപ്രകാരമുള്ള ഉയർന്ന വേതനത്തിനുതന്നെ തുടർന്നും അർഹതയുണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,

*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള സംസ്ഥാനത്തെ തോട്ടം മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് നൽകുന്ന ഏറ്റവും കുറഞ്ഞ വേതന നിരക്ക് 2014 ഫെബ്രുവരി 5-ാം തീയതിയിലെ സ. ഉ. (കൈ) നമ്പർ 15/2014/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2014 ഫെബ്രുവരി 7-ാം തീയതിയിലെ 437-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 96/2014 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു.

ഈ ആവശ്യത്തിനായി രൂപീകരിച്ച മിനിമം വേതന ഉപദേശക ബോർഡിന്റെ ഉപദേശങ്ങൾ പരിഗണിച്ചശേഷവും 2016 ജനുവരി 27-ാം തീയതിയിലെ 428/ഇ1/2016/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2016 ജനുവരി 28-ാം തീയതിയിലെ 194-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചതിനുശേഷവും പ്രസ്തുത വ്യവസായത്തിലെ നിലവിലുള്ള ഏറ്റവും കുറഞ്ഞ വേതന നിരക്ക് പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

# GOVERNMENT OF KERALA

## Labour and Skills (E) Department

## NOTIFICATION

G. O. (P) No. 76/2016/LBR.

*Dated, Thiruvananthapuram,* *17th May, 2016* / *3rd Idavam, 1191.*

**S. R. O. No. 374/2016.**—In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof and in supersession of the Notification issued under G. O. (Ms.) No. 15/2014/LBR dated 5th February, 2014 and published as S.R.O. No. 96/2014 in the Kerala Gazette Extraordinary No. 437 dated 7th February, 2014, the Government of Kerala after considering the objections and suggestions received on the draft proposals published as Notification No. 428/E1/2016/LBR dated 27th January, 2016, in the Kerala Gazette Extraordinary No. 194 dated the 28th January, 2016 as required under clause (b) of sub-section (1) of section 5 of the said Act and after consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby revise the minimum rates of wages payable to the employees employed in the Plantations sector in the State of Kerala as specified in the Schedule annexed hereto and such rates shall be effective from the 1st July 2015. The Arrears shall be paid before 31st July, 2016.

### SCHEDULE I

### TEA PLANTATIONS

| **1. Time Rated Work** | | *Minimum Time Rates (Basic Wages)* (₹) |
|---|---|---|
| (a) Field Workers | .. | 256.21 |
| (b) Factory Workers | .. | 259.46 |

The term 'Factory' for this purpose means any place where a manufacturing process is carried on irrespective of the number of workers employed.

**2. Piece Rated Work**

(A) *Hand Plucking*

(a) Standard output : (1) In the months of January, February and August—16 kgs of leaves per day.

: 2. In the remaining months of the year 21 kgs per day.

(b) Guaranteed time rate : ₹ 153.83 per day.

(c) Minimum piece rate : Pluckers in the Plantations shall be paid the following piece rates over and above the guaranteed time rates.

(1) ₹ 6.405 per kg for the 16 kgs of harvested leaves during a day in January, February and August.

(2) ₹ 4.880 per kg for the first 21 kgs of leaves harvested a day in the other months of the year.

(3) 80 paise per kg for the first 14 kgs over and above the standard output and 110 paise per kg for the next 14 kgs and 150 paise per kg thereafter.

(d) Adjustments of piece rates : Where the plucking average for an estate over a month is found to be less than the standard output, the wages for the month shall be paid at a revised piece rate calculated on the basis of the actual average for the month which should be taken as the standard. The rate should be such that after deducting 10% from the revised standard output, the remaining quantity will be the standard output of

the worker and an amount equal to the difference between the minimum wages and the guaranteed time rate of the worker shall be paid. A plucker shall be entitled to receive this rate for the leaves harvested on every day of that month up to the revised standard daily output for the month.

(B) *Sheer Plucking*

(a) Standard output : (1) In the months of January, February and August—16 kgs of leaves per day.

(2) In the remaining months of the year—27 kgs per day.

(b) Guaranteed time rate : ₹ 153.83 per day.

(c) Minimum piece rate : Pluckers in the Plantations shall be paid the following piece rates over and above the guaranteed time rates.

(1) ₹ 6.405 per kg for the 16 kgs of harvested leaves during a day in January, February and August.

(2) ₹ 3.796 per kg for the first 27 kgs of leaves harvested a day in the other months of the year.

(3) 80 paise per kg for the first 14 kgs over and above the standard output and 110 paise per kg for the next 14 kgs and 150 paise per kg thereafter.

(d) Adjustments of piece rates : Where the plucking average for an estate over a month is found to be less than the standard output, the wages for the month shall be paid at

the worker and an amount equal to the difference between the minimum wages and the guaranteed time rate of the worker shall be paid. A plucker shall be entitled to receive this rate for the leaves harvested on every day of that month up to the revised standard daily output for the month.

(B) *Sheer Plucking*

(a) Standard output : (1) In the months of January, February and August—16 kgs of leaves per day.

(2) In the remaining months of the year—27 kgs per day.

(b) Guaranteed time rate : ₹ 153.83 per day.

(c) Minimum piece rate : Pluckers in the Plantations shall be paid the following piece rates over and above the guaranteed time rates.

(1) ₹ 6.405 per kg for the 16 kgs of harvested leaves during a day in January, February and August.

(2) ₹ 3.796 per kg for the first 27 kgs of leaves harvested a day in the other months of the year.

(3) 80 paise per kg for the first 14 kgs over and above the standard output and 110 paise per kg for the next 14 kgs and 150 paise per kg thereafter.

(d) Adjustments of piece rates : Where the plucking average for an estate over a month is found to be less than the standard output, the wages for the month shall be paid at

a revised piece rate calculated on the basis of the actual average for the month which should be taken as the standard. The rate should be such that after deducting 10% from the revised standard output, the remaining quantity will be the standard output of the worker and an amount equal to the difference between the minimum wages and the guaranteed time rate of the worker shall be paid. A plucker shall be entitled to receive this rate for the leaves harvested on every day of that month up to the revised standard daily output for the month.

**3. Supervisors and selected Special Categories**

| *Category* | *Scale of Pay* |
|---|---|
| (1) | (2) |
| 1. Supervisors<br>2. Mechanic<br>3. Electrician<br>4. Wireman<br>5. Laboratory Technician<br>6. Fitters<br>7. Drivers (Lorry/Tractor/Ambulance/Car/Jeep/Engine) | ₹ 7950-45-8220-51-8526-57-8868-64-9252-71-9678-79-10152-88-10680 |
| **4. Other Special Categories** | |
| 1. Carpenters<br>2. Masons<br>3. Blacksmiths<br>4. Midwives | ₹ 7820-45-8090-51-8396-57-8738-64-9122-71-9548-79-10022-88-10550 |

| (1) | (2) |
|---|---|
| 5. Teachers in Schools in Plantations which are not recognized and which do not receive any grant from the Department of Education<br>6. Balasevikas and those doing other similar works<br>7. Medical Orderlies<br>8. Ward boys and Ward girls<br>9. Plumbers<br>10. Pump Operators doing at least some maintenance work<br>11. Tappalman<br>12. Estate Office Peon<br>13. Permanent Cook in Hospitals | ₹ 7820-45-8090-51-8396-57-8738-64-9122-71-9548-79-10022-88-10550 |
| **5. Creche Attendants** : | ₹ 7690-45-7960-51-8266-57-8608-64-8992-71-9418-79-9892-88-10420 |

SCHEDULE II

RUBBER PLANTATIONS

| **1. Time Rated Work** | | *Minimum time Rates (Basic Wages) (₹)* |
|---|---|---|
| (a) Field Workers | : | 336.21* |
| (b) Factory Workers | : | 341.08 |

The wage differential of the time rated tappers shall be ₹ 7.00 per day.

*Tapping task fixed for Rubber Plantations is 400 Trees (As per Plantation Labour Committee decision dated 15th December 1966 to accept recommendations of the Central Wage Board for Rubber Plantations Industry as accepted by the Government of India in their Resolution Number WB-8(18)/66 dated 29th September, 1966.

**Additional Incentive**

The Rubber Tappers who are tapping more than the tapping task fixed above will get an Additional Incentive of 60 paise per tree over and above the task mentioned. All statutory benefits are applicable to the above incentive.

**2.** (i) The classification of Rubber fields and standard output are shown below:

| *Classification of fields* | | *Standard output* |
|---|---|---|
| Class—I | Annual yield below 170 kgs. | 2 kgs. per day |
| Class—II | Annual yield from 171 kgs. to 270 kgs. | 4 kgs. per day |
| Class—III | Annual yield from 271 kgs. to 400 kgs. | 6.5 kgs. per day |
| Class—IV | Annual yield above 400 kgs. | 8 kgs. per day |

(ii) For the purpose of computation of annual yield, the yield obtained from normal tapping for 6 days per week will alone be taken into account.

(iii) For the purpose of classification of fields, one hundred tapping trees will be reckoned as one acre.

**3.** The over kilo rate for latex in Class I, II and III rubber fields will be ₹. 5.25 per kilogram and that for Class IV rubber fields it will be ₹ 7.25 per kg.

**4.** The over kilo rate for scrap will be ₹ 1.60 per kg.

**5.** The guaranteed time rate shall be ₹ 201.95 per day.

**6.** Tappers in Rubber Plantations shall be paid piece rates at the following rates over and above the guaranteed time rates.

| | |
|---|---|
| Class—I | ₹ 67.24 per kg. |
| Class—II | ₹ 33.62 per kg. |
| Class—III | ₹ 20.69 per kg. |
| Class—IV | ₹ 16.81 per kg. |

### 7. Supervisors and selected special categories

| Class | Scale of Pay |
| --- | --- |
| (1) | (2) |
| 1. Supervisors<br>2. Mechanics<br>3. Electricians<br>4. Wireman<br>5. Laboratory Technicians<br>6. Fitters<br>7. Drivers (Lorry, Tractor, Ambulance, Car, Jeep, Engine) | ₹ 10425-75-10875-81-11361-87-11883-94-12447-101-13053-109-13707-118-14415 |

### 8. Other Special Categories

| Class | Scale of Pay |
| --- | --- |
| 1. Carpenters<br>2. Masons<br>3. Blacksmiths<br>4. Midwives<br>5. Teachers in Schools in Plantations which are not recognized and which do not receive any grant from the Department of Education<br>6. Balasevikas and those doing other similar works<br>7. Medical Orderlies<br>8. Ward boys and Ward girls<br>9. Plumbers | ₹ 10260-75-10710-81-11196-87-11718-94-12282-101-12888-109-13542-118-14250 |

| (1) | (2) |
|---|---|
| 10. Pump Operators doing at least some maintenance work<br>11. Tappal man<br>12. Estate office peon<br>13. Permanent Cook in Hospitals | ₹ 10260-75-10710-81-11196-87-11718-94-12282-101-12888-109-13542-118-14250. |
| **9. Creche Attendants** : | ₹ 10090-75-10540-81-11026-87-11548-94-12112-101-12718-109-13372-118-14080. |

SCHEDULE III

COFFEE PLANTATIONS

**1. Time Rated Work** *Minimum Time Rates (₹)*

Basic Wages .. 256.21

In addition to the above basic wages of ₹ 256.21 a further sum of ₹ 5 per day will be paid as special allowance in pure coffee plantations alone. The ₹ 5 will not have any other fringe benefits.

**2. Piece Rated Work**: 150 paise per Kilo of Coffee, picked over and above 60 kilo per day.

**3. Supervisors and selected Special Categories**

| *Class* | *Scale of Pay* |
|---|---|
| 1. Supervisors<br>2. Mechanics<br>3. Electricians<br>4. Wireman<br>5. Laboratory Technicians<br>6. Fitters<br>7. Drivers (Lorry, Tractor, Ambulance, Car, Jeep, Engine) | ₹ 7950-45-8220-51-8526-57-8868-64-9452-71-9678-79-10152-88-10680. |

**4. Other Special Categories**

| *Class* | *Scale of Pay* |
| --- | --- |
| 1. Carpenters<br>2 Masons<br>3. Blacksmiths<br>4. Midwives<br>5. Teachers in Schools in Plantations which are not recognized and which do not receive any grant from the Department of Education<br>6. Balasevikas and those doing other similar works<br>7. Medical Orderlies<br>8. Ward boys and Ward girls<br>9. Plumbers<br>10. Pump Operators doing at least some maintenance work<br>11. Tappal man<br>12. Estate office peon<br>13. Permanent Cook in Hospitals | ₹ 7820-45-8090-51-8396-57-8738-64-9122-71-9548-79-10022-88-10550. |
| **5. Creche Attendants** : | ₹ 7690-45-7960-51-8266-57-8608-64-8992-71-9418-79-9892-88-10420. |

SCHEDULE IV

## CARDAMOM PLANTATIONS

**1. Time Rated Work** *Minimum Time Rates (Basic Wages)*

*₹ 285.21 ₹ 256.21

(*The higher rates are applicable to pure Cardamom Plantations)

**2. Supervisors and selected Special Categories (For pure Cardamom estates only)**

| *Class* | *Scale of Pay* |
|---|---|
| (1) | (2) |
| 1. Supervisors<br>2. Mechanics<br>3. Electricians<br>4. Wireman<br>5. Laboratory Technicians<br>6. Fitters<br>7. Drivers (Lorry,Tractor, Ambulance, Car, Jeep, Engine) | ₹ 8850-60-9210-66-9606-72-10038-79-10512-86-11028-94-11592-103-12210. |
| **3. Other Special Categories** | |
| 1. Carpenters<br>2. Masons<br>3. Blacksmiths<br>4. Midwives<br>5. Teachers in Schools in Plantations which are not recognized and which do not receive any grant from the Department of Education<br>6. Balasevikas and those doing other similar works<br>7. Medical Orderlies<br>8. Ward boys and Ward girls | ₹ 8700-60-9060-66-9456-72-9888-79-10362-86-10878-94-11442-103-12060. |

| (1) | (2) |
|---|---|
| 9. Plumbers<br>10. Pump Operators doing at least some maintenance work<br>11. Tappal man<br>12. Estate office peon<br>13. Permanent Cook in Hospital | ₹ 8700-60-9060-66-9456-72-9888-79-10362-86-10878-94-11442-103-12060. |
| **4. Creche Attendants** : | ₹ 8560-60-8920-66-9316-72-9748-79-10222-86-10738-94-11302-103-11920. |

For monthly rated workers working in mixed crops estates, the scale of pay mentioned as per Schedule I and III for Tea and Coffee shall be applicable.

## GENERAL (APPLICABLE TO ALL CROPS)

**I. Fitment :** (Applicable to Supervisors and selected special categories, other special categories and Creche Attendants in all crops)

₹ 5390 in respect of Supervisors and selected categories and ₹ 5300 in respect of other special categories and Creche Attendants to be added. On the basic salary in the pre-revised scale on the respective days of operation in Tea, Coffee and Cardamom Plantations (Mixed) and ₹ 5225 and ₹ 5145 respectively in respect of Rubber Plantations and ₹ 5200 and ₹ 5160 respectively in respect of Pure Cardamom Plantations and pay in the revised scale of pay will be fixed in the nearest higher increment step. The above mentioned figures includes merged Dearness Allowance equivalent to 2050 points of Consumer Price Index (Base: 1970=100 series) published for Ernakulam Centre.

## II. Job Differential

The job defferential of ₹ 3.25 per day will be eligible to the following categories of workers :

1. Pruners
2. Spraying Workers including Mixing Workers
3. Tinkers
4. Telephone Operators
5. Dressers
6. Painters
7. Cooks
8. Sweepers
9. Tappal man
10. Peons
11. Factory/Field/Gate Watchmen
12. Greasors
13. Cleaners
14. Porters
15. Foresters
16. Tea Chest Makers
17. Vehicle Attenders
18. (a) Workers employed in Smoke house for drying and processing cardamon on days on which they are actually employed for such work.

    (b) Workers employed in actual regulation of shade in cardamom Plantations on days on which they are employed in such work.

*Note:*—Cardamom Pruners will be paid a job differential of 50 paise per day on all working days throughout the year.

### III. Service Weightage

1. *Daily rated Workers*

| | | | |
|---|---|---|---|
| (i) | Below 5 years | — | Nil |
| (ii) | Above 5 years and up to 10 years | — | 70 paise |
| (iii) | Above 10 years and up to 15 years | — | 100 paise |
| (iv) | Above 15 years and up to 20 years | — | 130 paise |
| (v) | Above 20 years | — | 165 paise. |

2. *Monthly rated Workers*

| | | | |
|---|---|---|---|
| (i) | Below 5 years | — | Nil |
| (ii) | Above 5 years and up to 10 years | — | One Additional increment |
| (iii) | Above 10 years and up to 15 years | — | Two Additional increment |
| (iv) | Above 15 years and up to 20 years | — | Three Additional increment |
| (v) | Above 20 years | — | Four Additional increment. |

*Note:*—An employee will be eligible for service weightage on completion of suggested service years from the date of joining in the said service.

### IV. Dearness Allowances

The basic wages mentioned above are equated to 2050 points of the Consumer Price Index Number (Base: 1970—100 series) published for Ernakulam Centre. The Workers shall be eligible for Dearness Allowance for the increase in the average. Consumer Price Index Number of the Ernakulam centre for the penultimate 3 months above 2050 points.

The Field workers will be paid seven paise per point per day and the supervisors and special categories of employees will be paid Dearness Allowance at the rate of ₹ 1.95 for increase over 2050 points in the Consumer Price Index Number published for Ernakulam Center for the previous 3 months. The above Dearness Allowance is subject to adjustments on lst January, 1st April, 1 July and 1st October of every year

on the basis of the average consumer price index number published for Ernakulam Centre for the previous three months beginning 1st July, 1st October, 1st January and 1st April respectively.

### V. Employment Protection

The minimum rates of wages notified above are based on the assurance that employers in Tea and Rubber Plantations will provide work for their workers throughout the year, failing which the workers shall be given their minimum wages for the days on which they are involuntarily unemployed. But the obligation of the employers is only to offer some kind of work connected with the plantations and worker who refuses to accept that work will automatically forfeit his claim to the minimum wages also.

### VI. Protection of Higher Wages

If the employees in any establishment are in receipt of wages higher than the rates said above, they shall continue to receive such higher wages.

By order of the Governor,

TOM JOSE,
*Additional Chief Secretary to Government.*

### Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

Government had fixed the revised minimum rates of wages payable to the employees employed in the Plantation sector in the State of Kerala as per Notification issued under G. O. (Ms.) No. 15/2014/LBR dated 5th February, 2014 and published as S. R. O. No. 96/2014 in the Kerala Gazette Extraordinary No. 437 dated 7th February, 2014.

Now Government have decided to revise the existing minimum rates of wages in the said industry after considering objections and suggestions on the draft proposal issued under Notification No. 428/E1/2016/LBR dated 27th January, 2016 and published in the Kerala Gazette Extraordinary No. 194 dated the 28th January, 2016 and also on the advice of the Minimum Wages Advisory Board constituted for this purpose.

The notification is intended to achieve the above object.